
ശ്രീ ശാരദാനന്ദസ്വാമികളുടെ

ആദ്ധ്യാത്മിക—
സംഭാഷണങ്ങൾ.





ആഗമാനന്ദസ്വാമികൾ.

A.C. Roy
13/9/1973

ശ്രീ ശാരദാനന്ദസ്വാമികൾ.

ശിഷ്യൻ:...അദ്ദേഹത്തിന്റെ ശിഷ്യന്മാരോട് കൂടിക്കുകയും മറ്റും ചെയ്യാതെ ജപിക്കരുതെന്നുപദേശിക്കുന്നു. അങ്ങിനെയുള്ള നിയമങ്ങളും അനുഷ്ഠിക്കണമെന്ന നിർബന്ധമുണ്ടോ?

സ്വാമികൾ:—ഗുരുദേവൻ വന്നതു ധർമ്മമാർഗ്ഗത്തെ ലഘൂകരിക്കാനാണ്. ചട്ടങ്ങളും ആചാരങ്ങളും ജനങ്ങളെ ക്രമത്തിലധികം വിഷമിപ്പിച്ചിരുന്നു. ഭഗവാന്റെ നാമം ജപിക്കുന്നതു അദ്ദേഹത്തെ ആരാധിക്കുവാനും പ്രത്യേകസ്ഥലമോ സമയമോ ആവശ്യമില്ല. ഏതവസ്ഥയിലും ഭഗവന്നാമം ജപിക്കാം ഈ ബാഹ്യാചാരങ്ങൾക്കു ഗുരുദേവൻ ഒരിക്കലും കണക്കിലധികം പ്രാധാന്യം കൊടുക്കാറുണ്ടായിരുന്നില്ല. അഭ്യാസങ്ങളെ സംബന്ധിച്ചിടത്തോളം ഓരോരുത്തനും തനിക്കു പറ്റിയതു സ്വീകരിക്കാം. നിനക്ക് ഈശ്വരന്റെ സാകാരഭാവമാണിഷ്ടമെങ്കിൽ അതു ശരി. അതുമുറുകെ പിടിക്കുക; നിനക്കുൽഗതിയുണ്ടാകും. ഈശ്വരസത്തയെക്കുറിച്ചു നിനക്കു സംശയമുണ്ടാകുമ്പോൾ അദ്ദേഹത്തോടു തന്നെ ചോദിക്കുക. 'അങ്ങു വാസ്തവത്തിൽഉണ്ടോ ഇല്ലയോ എന്ന് എനിക്കറിഞ്ഞുകൂടാ. അങ്ങ് അരൂപനോ സരൂപനോ എന്നും എനിക്കറിഞ്ഞുകൂടാ. അങ്ങയുടെ സാക്ഷാൽ പ്രകൃതി അവിടുന്നു തന്നെ എന്നെ അറിയിച്ചുതരണമേ' എന്ന് ഈശ്വരനോടുതന്നെ പ്രാർത്ഥിക്കുക. സ്വാനാ

ടികൾ ചെയ്യുന്നതു് അത്രയും നല്ലതുതന്നെ. അതു സാധിക്കയില്ലെങ്കിൽ അവയ്ക്കു് അധികപ്രാധാന്യം നല്കാതെ ഈശ്വരനെ വിളിച്ചുകൊണ്ടിരിക്കുക. ഭഗവാൻ ഒരിക്കൽ എന്റെ മുമ്പിൽ വെച്ചു് ഒരു പാട്ടുപാടിക്കൊണ്ടു് എന്നോടു് 'ഇതിൽ ഏതെങ്കിലും ഒരു തത്ത്വം അതിന്റെ പൂർണ്ണഭാവത്തിൽ ഗ്രഹിക്കുക. നിനക്കു ലക്ഷ്യത്തിൽ ചെന്നെത്താം' എന്നു പറയുകയുണ്ടായി. പാട്ടിന്റെ അർത്ഥം ഇതാണു്.

"ഭഗവാനെ! അവിടുന്നാണു് എന്റെ സർവ്വസ്വവും എന്റെ ജീവിതത്തിന്റെ ഏകാവലംബവും. സത്യത്തിന്റെ സാരവും അവിടുന്നുതന്നെ. 'എന്റേതു്' 'എന്റെ സ്വന്തം' എന്നുവിളിക്കാവുന്നയാളായിട്ടു് അങ്ങല്ലാതെ ഈ ലോകത്തു വേറെ ആരും എനിക്കില്ല.

"അവിടുന്നു് ആനന്ദമാണു്. ശാന്തിയാണു്. സഹായവും ധനവും ജ്ഞാനവും ബുദ്ധിയും ബലവും ആണു്. അവിടുന്നുതന്നെ ഗൃഹവും ലീലോദ്യാനവും; അവിടുന്നുതന്നെ സുഹൃത്തും ബന്ധുവും. ഈ ജീവിതത്തിലെ ഏക അഭയസ്ഥാനവും, അനന്തരജീവിതവും സ്വർഗ്ഗവും അവിടുന്നുതന്നെ. ശാസ്ത്രവിധികളും അനുഗ്രഹപൂർണ്ണനായ ഗുരുവും അനന്താനന്ദനിധിയും അവിടുന്നാകുന്നു.

"അവിടുന്നുതന്നെ ലക്ഷ്യവും ഉപായവും; അവിടുന്നാണു് സൃഷ്ടാവും, രക്ഷിതാവും ആരാധിതനും. കുട്ടിയെ ശിക്ഷിക്കുന്ന പിതാവും അവിടുന്നുതന്നെ. പ്രേമപൂർണ്ണയായ മാതാവും അനന്താനന്ദനിധിയും അവിടുന്നാകുന്നു."

ശിഷ്യൻ:—ജ്യോതിഷപ്രകാരം നല്ലസമയവും ചീത്തസമയവും കണക്കാക്കുന്നതിനെപ്പറ്റി അവിടുന്ന് എന്തു വിചാരിക്കുന്നു?

സ്വാമികൾ:—ശ്രീരാമകൃഷ്ണദേവൻ ഈ കാര്യങ്ങളെ ആചരിക്കുക പതിവായിരുന്നു. അദ്ദേഹം കാലങ്ങളുടെ ശുഭാശുഭങ്ങളിൽ വിശ്വസിച്ചിരുന്നു. അദ്ദേഹം ആചരിച്ചിരുന്നതുകൊണ്ടു ഞങ്ങളും ആചരിച്ചിരുന്നു. എന്നാൽ ഈ ഗണിതങ്ങൾ ഇപ്പോൾ പൂർണ്ണമായും ശരിയല്ല. ഗ്രഹങ്ങളുടേയും നക്ഷത്രങ്ങളുടേയും സ്ഥിതിഗതികൾക്ക് അധികം മാറ്റങ്ങൾ വന്നിട്ടുണ്ട്. എങ്കിലും അതിനൊപ്പിച്ചു ഗണിതത്തിൽ വേണ്ട വ്യത്യാസങ്ങൾ ചെയ്തിട്ടില്ല. അതിനാൽ ഈയിടെയായി ഞാൻ അതു ആചരിക്കാറില്ല.

ശിഷ്യൻ:—ശ്രാദ്ധത്തിലേ ഭക്ഷണസാധനങ്ങൾ ഭക്ഷിക്കരുതെന്നു ഗുരുദേവൻ പറഞ്ഞിട്ടുണ്ട്. എന്തുകൊണ്ടാണതു?

സ്വാമികൾ:—ആഹാരത്തിന്റെ ഉദ്ദേശം തീക്ഷ്ണമായ ബുദ്ധിയും ബലിഷ്ഠമായ ശരീരവും ഉണ്ടാക്കുകയാണു്. ശരീരവും മനസ്സും ശുദ്ധമായിരുന്നില്ലെങ്കിൽ ആത്മികാഭ്യാസങ്ങൾ ശീലിക്കുക സാദ്ധ്യമല്ല. ഈശ്വരനു നിവേദിച്ച ആഹാരമാണു ശരീരത്തേയും മനസ്സിനേയും പരിശുദ്ധമാക്കുന്നതു്. ശ്രാദ്ധാന്നം പിതൃക്കൾക്കാണു കൊടുക്കുന്നതു്; ഈശ്വരനല്ല. അതിനാൽ ശരീരത്തേയും മനസ്സിനേയും ശുദ്ധമാക്കുന്നതിനുപകരം അതശുദ്ധമാക്കുന്നു....ശ്രീ ചൈതന്യദേ

വനെ അദ്ദേഹത്തിന്റെ ഭാവാവസ്ഥയിൽ സ്പർശിക്കാ നിടവന്നിട്ടുള്ള ഒരാൾക്കു് ആത്മികഭാവങ്ങൾ ഉണ്ടാ യതായിട്ടും, അതു് അമർച്ചചെയ്യുവാൻ ശ്രമിച്ചാഹാരം കഴിക്കുവാൻ വിധിച്ചതായും, ആ ആഹാരം അയാളു ടെ ഭാവങ്ങളെ ക്രമേണ നശിപ്പിച്ചതായും ശ്രീചൈ തന്യചരിതത്തിലുണ്ടു്.

ശിഷ്യൻ:—ഗ്രഹണസമയത്തു് ജപിക്കുന്നതു വളരെ വിശേ ഷമാണെന്നു കരുതുന്നതിനു കാരണമെന്താണു്?

സ്വാമികൾ:—പ്രകൃതിയിൽ അപ്രകാരമുള്ള വിശേഷ സംഭവങ്ങൾ ഉണ്ടാകുമ്പോൾ മനുഷ്യൻ ചിന്താപ രവശനാകുന്നു. ഗ്രഹണം പ്രകൃതിയുടെ പരിധി യിൽ ഒരു വലിയ മാറ്റത്തെ ഉണ്ടാക്കുന്നു. പ്രകൃ തി ഒരവസ്ഥയിൽ നിന്നു മറ്റൊരവസ്ഥയിലേക്കു കടക്കുന്നു അങ്ങിനെയുള്ള ഘട്ടത്തിൽ മനസ്സു ശാന്ത മായിത്തീരുന്നു. അതുകൊണ്ടു് ആ അവസരങ്ങൾ ജപധ്യാനാദികൾക്കു് പറ്റിയതായി വിചാരിക്കപ്പെ ട്ടുന്നു.

ശിഷ്യൻ:—കേവലം കർമ്മംകൊണ്ടു് ആർക്കെങ്കിലും ഈ ശപരാനുഭൂതിയുണ്ടായിട്ടുണ്ടോ?

സ്വാമികൾ:—നിസ്വാർത്ഥമായ കർമ്മംകൊണ്ടു മനസ്സു് ശു ദ്ധമായിത്തീരുന്നു. ശുദ്ധമായ മനസ്സിൽ ജ്ഞാന വും ഭക്തിയും ഉദിക്കുന്നു. ജ്ഞാനമാണു് ആത്മാ വിന്റെ സാക്ഷാൽ പ്രകൃതി. എന്നാൽ അവിദ്യ ആ ജ്ഞാനത്തെ മൂടിയിരിക്കുന്നതുകൊണ്ടു് അതു പ്ര കടമാകുന്നില്ല. നിസ്വാർത്ഥമായ കർമ്മത്തിന്റെ ഉദ്ദേ

ശ്യം ഈ മൂടലിനെ നീക്കുകയാണു്. മനസ്സു ശുദ്ധമായാലുടൻ ജ്ഞാനമുദിക്കുന്നു. ഭർത്തൃശുശ്രൂഷയും, മറ്റു ഗൃഹകാര്യങ്ങളും അനുഷ്ഠിക്കുക വഴിയായി ജ്ഞാനലാഭമുണ്ടായ ഒരു പതിവ്രതയെപ്പറ്റി മഹാഭാരതത്തിൽ പ്രസ്താവിക്കുന്നുണ്ടു്. 'കർമ്മണൈവഹി സംസിദ്ധിം ആസ്ഥിതാ ജനകാദയഃ' എന്ന ഗീതയിലും ഉണ്ടു്. 'ആദയഃ' എന്നു പറയുന്നതുകൊണ്ടു് ഒരാൾമാത്രമല്ലാ മറ്റനേകസിദ്ധന്മാരുമുണ്ടായിരുന്നുവെന്നു സ്പഷ്ടമാണു്.

ശിഷ്യൻ:—ഇവിടെ കർമ്മമെന്നതിനു ജപം, ധ്യാനം മുതലായവ എന്നർത്ഥമുണ്ടോ?

സ്വാമികൾ:—ഇല്ല; അതു വ്യാഖ്യാതാക്കന്മാർ നല്കുന്ന അർത്ഥമാണു്. ആ അർത്ഥമാണു് അതിനുണ്ടായിരുന്നതെങ്കിൽ ശ്രീകൃഷ്ണൻ അർജ്ജുനനോടു് മണിയടിക്കാനും ഭീപാരാധന കഴിക്കുവാനും മറ്റും ഉപദേശിക്കുമായിരുന്നു.

ശിഷ്യൻ:—അർജ്ജുനൻ സ്വല്പംപോലും അഹംബുദ്ധിയില്ലാതെ ഭഗവൽകരങ്ങളിലേ ഒരായുധമെന്ന നിലയ്ക്കാണോ യുദ്ധംചെയ്തതു്?

സ്വാമികൾ:—തീച്ചയായിട്ടും; വിശ്വരൂപദർശനത്തിനു ശേഷവും അഹന്ത നിലനിന്നെങ്കിൽ പിന്നെ ആ ദർശനത്തിന്റെ ഫലമെന്തു്? 'നഷ്ടോ മോഹഃ സ്മൃതിർല്ലബ്ധാ ത്വൽപ്രസാദാന്മയാച്യുത!' എന്നു് അർജ്ജുനൻ പറയുന്നു.

ശിഷ്യൻ:—ആ ശ്ലോകത്തിൽ 'സ്മൃതി' എന്ന പദത്തിന്റെ അർത്ഥമെന്തു്?

സ്വാമികൾ:—അർജ്ജുനൻ ഗുരുപദേശവും ശാസ്ത്രവാക്യങ്ങളും മറന്നുപോയിരുന്നു. യാതൊരു തത്ത്വങ്ങളുടെ ജ്ഞാനത്തെ ആശ്രയിച്ചാണോ അർജ്ജുനന് അതുവരെ ഉന്നതിയുണ്ടായിക്കൊണ്ടിരുന്നത്, അവയെല്ലാം അദ്ദേഹം മറന്നുപോയിരുന്നു. ഭയവും, ബന്ധുസ്നേഹവും, ഗുരുജനങ്ങളോടുള്ള ബഹുമാനവുമാണ്, ഈ മായയെ സൃഷ്ടിച്ചത്. 'സ്മൃതി ആത്മതത്ത്വവിഷയാ' എന്ന് അദ്വൈതികൾ 'സ്മൃതി'പദത്തെ വ്യാഖ്യാനിക്കുന്നു. അതു നല്ലതായ ഒരു വ്യാഖ്യാനമാണ്.

"വൈഷ്ണവന്മാർ അവരുടെ സാധനയിൽ ഉന്നതി പ്രാപിച്ചിട്ട് അദ്വൈതബോധത്തിൽ എത്തുമ്പോൾ, അതുപേക്ഷിച്ച ഭഗവാനുമായി ദൃഢതരമായ ഒരു ബന്ധം വെച്ചുകൊണ്ടിരിക്കുവാൻ ശ്രമിക്കുന്നു. അദ്ദേഹത്തിനോട് ഐക്യംപ്രാപിക്കുന്നതു തങ്ങളുടെ മാർഗ്ഗത്തിനു് ഒരു തടസ്സമായി അവർ കരുതുകയും അതിനെപ്പറ്റിയുള്ള അറിവിന്റെ ലേശംപോലും കിട്ടുമ്പോഴേക്കും അവർ അതിനെ തടയുന്നതിനു ശ്രമിക്കുകയുംചെയ്യുന്നു. വാസ്തവത്തിൽ അദ്വൈതസിദ്ധാന്തത്തിന്റെ ലക്ഷ്യമായ ശാന്തഭാവത്തിനു് അവർ ഏറ്റവും താഴ്ന്ന സ്ഥാനമേകല്പിക്കുന്നുള്ളൂ. വികാരപരമായ വശത്തെ പുഷ്ടിപ്പെടുത്തി അതിനെ ഭാഗവാങ്കലേക്കു തിരിച്ചുവിടുകയും, ഇതു് ഏറ്റവും ഉയർന്ന ലക്ഷ്യമായി കരുതുകയുംചെയ്യുന്നു. മനഃസ്സോഭത്തിന്റെ ഏറ്റവും ഉയർന്ന പടിയിൽനിന്നു നമുക്കു മധുരഭാവം അഥവാ ഭഗവാനോടുള്ള മധുരമായ വൈവാഹികബന്ധം ലഭിക്കുന്നു.

ശിഷ്യൻ:—'സർവ്വധർമ്മാൻ പരിത്യജ്യ മാമേകം ശരണം വ്രജ' എന്നു പറയുന്നതിന്റെ അർത്ഥമെന്ത്?

സ്വാമികൾ:—ഇവിടെ ധർമ്മമെന്നതു കർമ്മകാണ്ഡവിധി പ്രകാരമുള്ള ചടങ്ങുകൾ, ജപം മുതലായവയെന്നർത്ഥം. മഹാഭാരതത്തിൽ പറയുന്ന ധർമ്മം—മാതൃസേവ, പിതൃസേവ, അതിഥിപൂജ മുതലായവ—എന്നാണ് ഇവിടത്തെ 'ധർമ്മ'ശബ്ദത്തിനർത്ഥമെന്നതിലകൻ പറയുന്നുവെങ്കിലും അതു ശരിയല്ല. എന്തുകൊണ്ടെന്നാൽ അപ്രകാരമുള്ള അനുഷ്ഠാനങ്ങൾകൊണ്ടുപോലും ചിലർ ജ്ഞാനികളായിത്തീർന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ ഗീതാവ്യാഖ്യാനം ഏകതോമുഖമാണ്. എന്തെന്നാൽ അദ്ദേഹത്തിന്റെ ആഗ്രഹം ഗീതയുടെ മുഴുവൻ ഉദ്ദേശ്യം കർമ്മമാർഗ്ഗത്തിന്റെ ഉൽകൃഷ്ടതകാണിക്കുകയാണ് എന്നു സ്ഥാപിക്കുന്നതിനാണ്. ഗീത പുരുഷകാരത്തെ വളരെ പ്രശംസിക്കുന്നു. എന്നാൽ ഈ ശ്ലോകത്തിൽ, പുരുഷകാരത്തിന് ഒരതിരുണ്ടെന്നാണ് ഭഗവാൻ സൂചിപ്പിക്കുന്നത്.

ശിഷ്യൻ:—സാധനയ്ക്ക് ഏറ്റവും പറ്റിയ കാലം ഏതാണു'?

സ്വാമികൾ:—മഴക്കാലം അതിനു പറ്റിയതല്ല. അക്കാലത്തു ധ്യാനിക്കാനിരുന്നാൽ പ്രായേണ ഉറക്കംവരും. ഇതു ഞങ്ങളുടെ അനുഭവമാണ്. അക്കാലത്തു മനസ്സു കൂടുതൽ അശാന്തമായിരിക്കും. ഹേമന്തമാണ് ഏറ്റവും പറ്റിയത്. ധ്യാനം ശീലിക്കണമെന്നു

ള്ളവർ ആരോഗ്യവർദ്ധകമായ നെയ്യ്, പാല് മുതലായ ആഹാരസാധനങ്ങൾ കഴിക്കണം.

ശിഷ്യൻ:—'കുണ്ഡലിനി' ഒരു സർപ്പാകൃതിയിലിരിക്കുന്നുവെന്നു സങ്കല്പിച്ചുവരുന്നതെന്തുകൊണ്ട്?

സ്വാമികൾ:—അതിന്റെ കാരണം എനിക്കു സൂക്ഷ്മമായിട്ടറിഞ്ഞുകൂടാ. ഒരുപക്ഷേ, അനേകായിരം ജന്മങ്ങളിലെ സംസ്കാരങ്ങൾ ചുരുണ്ടുചുരുണ്ടു കൂടിക്കിടക്കുന്നതുകൊണ്ടായിരിക്കാം. അഥവാ അതു സർപ്പത്തെപ്പോലെ വളഞ്ഞുപുളഞ്ഞു മേല്പോട്ടു കയറാവുള്ളതുകൊണ്ടായിരിക്കാം. കുണ്ഡലിനിയെപ്പറ്റി വിസ്തരിച്ചപ്പോൾ ഒരിക്കൽ ഗുരുദേവൻ സമാധിസ്ഥനായി. ആ ഭാവത്തിൽ ഇരുന്നുകൊണ്ടു 'നിങ്ങൾ സർപ്പത്തെ കണ്ടിട്ടുണ്ടോ?' എന്നു ചോദിക്കുകയുണ്ടായി.

ശിഷ്യൻ:—നിരാകാരധ്യാനത്തിന്റെ സ്വഭാവമെന്ത്?

സ്വാമികൾ:—ശാസ്ത്രപ്രകാരമുള്ള പൂജ ചെയ്യുമ്പോൾ നിങ്ങൾ ഭ്രൂമധ്യത്തിൽ ധ്യാനിക്കുന്നുണ്ടല്ലോ. അപ്പോൾ സഹസ്രാരത്തിൽ നിങ്ങൾ ഈശ്വരനെ ധ്യാനിക്കുന്നു. അതുതന്നെ നിരാകാരധ്യാനം. നിങ്ങൾക്കു ഒരു രൂപവും ഇഷ്ടമില്ലാത്തപ്പോൾ നിരാകാരത്തെ ധ്യാനിക്കുക. ഗുരുവിന്റെ രൂപം ധ്യാനിക്കുന്നതു് ഏതെങ്കിലും സമയത്തു കൂടുതൽ ഇഷ്ടമായിത്തോന്നുകയാണെങ്കിൽ അപ്പോൾ ഗുരുവിനെ ധ്യാനിക്കുക. എന്തെന്നാൽ ഈശ്വരൻ ഗുരുവിൽകൂടി പ്രകാശിക്കുന്നു.

ശിഷ്യൻ:—വെറും യന്ത്രംപോലെയിരുന്ന മന്ത്രംജപിക്കുന്നതുകൊണ്ടു വല്ല പ്രയോജനവുമുണ്ടോ?

സ്വാമികൾ:—മന്ത്രജപംമൂലം അനുഭൂതിയുണ്ടാകുന്നുവെന്നു തന്ത്രങ്ങൾ പറയുന്നു. ഞാനും അപ്രകാരം വിശ്വസിക്കുന്നു.

ശിഷ്യൻ:—അങ്ങു പറഞ്ഞുതന്നിട്ടുള്ള ഉപദേശങ്ങളെല്ലാം അനുസരിച്ചു നടക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ എന്തോ, സാധനയിൽ എനിക്കു ഒരു സുഖവും ഉണ്ടാകുന്നില്ല. ചിലപ്പോൾ അഭ്യാസങ്ങളെല്ലാം വെറും യന്ത്രം നടത്തുന്നതുപോലെ നടത്തുന്നു. അതിൽ ഒരുന്മേഷമില്ല.

സ്വാമികൾ:—ഒരേരീതിതന്നെ എന്നും തുടർന്നുകൊണ്ടുപോയാൽ ചിലപ്പോൾ അങ്ങിനെ തോന്നാമെന്നുള്ളതു സാധാരണയാണ്. എന്നാൽ സാധനയുടെ ഏതെങ്കിലും പ്രത്യേക അംശത്തിൽ കൂടുതൽ ഇഷ്ടം തോന്നുന്നുവെങ്കിൽ ആ ദിവസം മറ്റുള്ളവയെ വിട്ട് അതുതന്നെ ചെയ്യുക. ഇങ്ങനെയായാൽ സാധനയുടെ മറ്റു ചില അംശങ്ങൾ മൂന്നുനാലുദിവസത്തേക്ക് ഒന്നായി അനുഷ്ഠിക്കാതിരുന്നുവെന്നു വരാം. എങ്കിലും അതു സാരമില്ല. ഈ അഭ്യാസങ്ങൾ വീണ്ടും എടുക്കുമ്പോൾ അതിൽ സുഖമുണ്ടാകും. ധ്യാനിക്കുന്നതിനുമുൻപു ഗുരുദേവനെ വിചാരിക്കുക. അങ്ങനെ ചെയ്യുകയാണെങ്കിൽ നിങ്ങളുടെ പ്രവൃത്തികൾക്കെല്ലാം ശുഭഫലം കാണാം. അദ്വൈതമെല്ലായിടത്തുമുണ്ടെന്നും അദ്വൈതംതന്നെ എല്ലാമാണെന്നും വി

ചാരിക്കുക. സമുദ്രത്തിൽ മുങ്ങുന്ന കുടത്തെപ്പോലെ നിങ്ങൾ അദ്ദേഹത്തിൽ നിമഗ്നനാകുന്നതായി ഭാവനചെയ്യുക. സർവ്വവ്യാപിയായ ഭഗവാന്റെ പരമഭാവത്തെ മഹർഷിമാർ എല്ലാക്കാലത്തും നോട്ടമെത്തുന്ന ദിക്കുവരെ അനുഭവിച്ചിരുന്നു. നിങ്ങളേക്കുറിച്ചുള്ളതെല്ലാം അദ്ദേഹത്തിനറിയാം. അദ്ദേഹത്തിൽ നിന്നു യാതൊന്നും ഒളിച്ചുവെയ്ക്കാൻ സാധിക്കുകയില്ല. നിങ്ങളുടെ ഹൃദയത്തിന്റെ ഏറ്റവും ആഴത്തിൽ കിടക്കുന്ന ചിന്തകളെപ്പോലും അദ്ദേഹം അറിയുന്നു.

നിത്യവും ഇടവിടാതെ കൃത്യമായി ചെയ്യുന്ന അഭ്യാസംകൊണ്ട് ഒരുവനു വളരെ ഗുണംകിട്ടുന്നു. കുറേനാൾ കൃത്യമായി അഭ്യാസംചെയ്യുകയാണെങ്കിൽ അത്മികമായ ബലമുണ്ടാകുകയും സാധനയിൽ ആനന്ദം ഉണ്ടാകുകയും ചെയ്യുന്നു.

ശിഷ്യൻ:—ഗുരുദേവനെപ്പറ്റി ഞാൻ വളരെയെല്ലാം വായിച്ചിട്ടുണ്ട്. പുസ്തകങ്ങളിൽനിന്നു് അദ്ദേഹത്തെപ്പറ്റി എനിക്കു വളരെയൊക്കെ അറിയാൻ സാധിച്ചുവെങ്കിലും അദ്ദേഹത്തിന്റെ ജീവിതത്തെപ്പറ്റി ആലോചിക്കുവാൻ എനിക്കു് ഇഷ്ടംതോന്നുന്നില്ല. അതെന്തുകൊണ്ടാണു്?

സ്വാമികൾ:—ഏതെങ്കിലുമൊന്നിൽ ഇഷ്ടവും സുഖവും തോന്നണമെങ്കിൽ ബുദ്ധിയും ഹൃദയവും യോജിക്കണം. കേവലമായ ബുദ്ധിവ്യാപാരംകൊണ്ടുമാത്രം സുഖംകിട്ടുകയില്ല. എല്ലാം നിർജീവമായിത്തോന്നും. നീ ഗുരുദേവനെപ്പറ്റി വായിച്ചിട്ടുള്ളതു നിന്റെ ഹൃ

ടയത്തിലുംകൂടി തട്ടുകയാണെങ്കിൽമാത്രമേ അദ്ദേഹത്തെപ്പറ്റി വായിക്കുമ്പോൾ സുഖം കിട്ടുകയുള്ളൂ. അപ്പോൾ അദ്ദേഹം സജീവനായി തോന്നും.

ശിഷ്യൻ:—അപ്പോൾ അതു ഭാവനാശക്തിയില്ലാത്തതുകൊണ്ടാണോ?

സ്വാമികൾ:—കാലക്രമേണ നിന്റെ സകല സംശയങ്ങളും പരിഹൃതങ്ങളാകും.

ശിഷ്യൻ:—മുൻപു എനിക്കു 'സേവാകർമ്മം' വിട്ടു മുഴുവൻ സമയം ധ്യാനാദികൾക്കു ചിലവാക്കുവാൻ വളരെ താല്പര്യമായിരുന്നു. ഇപ്പോൾ അങ്ങനെയൊരു തൃഷ്ണ തോന്നുന്നില്ല. താമസസ്ഥലം മാറാനും ആഗ്രഹമില്ല. എന്നാലും മനസ്സു കൂടുതൽക്കൂടുതൽ ജപധ്യാനങ്ങളിലേക്കും ശാസ്ത്രപാരായണത്തിലേക്കും ഉന്മുഖമായി ഭവിക്കുന്നതു കാണുന്നു. മുമ്പു് എനിക്കുണ്ടായിരുന്നതുപോലെ ഇപ്പോൾ ഏകാന്തവാസത്തിനുള്ള തൃഷ്ണയില്ലാത്തതെന്തുകൊണ്ടു്?

സ്വാമികൾ:—അതുകൊണ്ടെന്തു്? ഒരുവനു കർമ്മങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോഴും അഭ്യാസംകൊണ്ടു ജ്ഞാനം ലഭിക്കാൻ കഴിയുമെങ്കിൽ ഒരുവൻ കർമ്മങ്ങളെ ത്യജിക്കേണ്ടതില്ലെന്നു ശാസ്ത്രങ്ങൾ പറയുന്നു. ധർമ്മവ്യാധന്റെ കഥ നീ കേട്ടിട്ടില്ലേ? അദ്ദേഹം ജ്ഞാനം ലഭിച്ചിട്ടും ഒരു കശാപ്പുകാരന്റെ വേലപോലും ചീത്തയാണെന്നു കരുതിയില്ല. മനസ്സു ഭഗവാനിലേക്കു് ആകർഷിക്കപ്പെട്ടുന്നെങ്കിൽ സ്ഥലവും പരിതഃസ്ഥിതിയും മാറുന്നതിന്റെ ആവശ്യമെന്തു്? അ

ദ്ദേഹത്തിന്റെ ഇച്ഛകൂടാതെ ഒന്നും സാധ്യമല്ലാതിരിക്കുമ്പോൾ മുൻകൂട്ടി പ്ലാൻ തയ്യാറാക്കുന്നതിന്റെ ഉദ്ദേശമെന്തു്? അദ്ദേഹത്തെ ആലംബിച്ചു് അദ്ദേഹം നമ്മെക്കൊണ്ടു ചെയ്യിക്കുന്നതു ചെയ്യുകയാണു നമ്മു്. അതിനപ്പുറമെ ഇപ്പോഴുള്ള സ്ഥലവും പരിതഃസ്ഥിതിയും മാറിയാൽ പുതിയ സ്ഥലത്തിനു പറ്റിയവണ്ണം മനസ്സിനെ ക്രമപ്പെടുത്താൻ ഇനിയൊരധ്വാനംവേണ്ടിവരും. അതുകൊണ്ടു് ഉള്ള പരിതഃസ്ഥിതി അതുപോലെയിരിക്കുവാൻ സമ്മതിക്കുക. അദ്ദേഹത്തെ ഇടവിടാതെ വിളിച്ചുകൊണ്ടിരിക്കുക. എപ്പോഴും അദ്ദേഹത്തിന്റെ ഇച്ഛകൊണ്ടു പരിതഃസ്ഥിതിയ്ക്കു മാറ്റംവരുന്നോ അപ്പോഴും അതു സ്വീകരിക്കുക"

സംസാരം കർമ്മയോഗത്തെപ്പറ്റിയായി. സ്വാമികൾ പറയുകയാണു്:—"നിന്റെ കർമ്മത്തിന്റെ ഫലങ്ങൾക്കു നിനക്കധികാരമില്ല. ഫലം പലേ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. അവയിൽ ഒന്നുമാത്രമാണു നിന്റെ പ്രയത്നം. സാധകൻ തനിക്കു് അപ്പോഴപ്പോൾ ചെയ്യേണ്ടതായുള്ള ധർമ്മം ഭംഗിയായി നിർവ്വഹിക്കുന്നതിനു കഴിയുന്നതു ശ്രമിക്കണം. എന്നാൽ അപജയത്തിൽ നിരാശപ്പെടരുതു്. എന്തുകൊണ്ടെന്നാൽ ഘടകങ്ങളിൽ ഒന്നു പൂർണ്ണമായിരുന്നാൽതന്നെയും ഇതരഘടകങ്ങൾ ശരിയാകാതിരുന്നുവെങ്കിൽ കർമ്മം പരാജയപ്പെടാം. അതുകൊണ്ടു തന്നാൽ കഴിയുന്നതു് ഏറ്റവും ഭംഗിയായി ചെയ്തുകൊണ്ടു ഫലത്തെപ്പറ്റി ഉൽക്കണ്ഠകൂടാതെയിരിക്കുന്നതാണു കർമ്മയോഗം.

ശിഷ്യൻ:—'സമ്പൂർണ്ണമായ പരിത്യാഗം' എന്നതിന്റെ അർത്ഥം സകല കർമ്മവും ത്യജിക്കുകയെന്നോ അഹം ബുദ്ധിയില്ലാതെ കർമ്മം ചെയ്യുകയെന്നോ?

സ്വാമികൾ:—മുമ്പിൽ വരുന്നവേല നിന്റെ ശക്ത്യനുസാരം ഏറ്റവും ഭംഗിയായി ചെയ്യുക. ഈ വേലയുടെ ശരിയായ പൂർത്തീകരണത്തിനു നിനക്കു പ്ലാൻ തയ്യാറാക്കേണ്ടതായിട്ടും മറ്റു പല ഉപായങ്ങളും സ്വീകരിക്കേണ്ടതായിട്ടും വരും. എന്നാൽ അപ്പോൾ പുതിയതായി ഒരു വേലകൂടി എടുക്കരുതു്. നിനക്കു ചെയ്യേണ്ട വേല നിന്റെ ശക്ത്യനുസാരം ഏറ്റവും നന്നായി ചെയ്യുകയല്ലാതെ കർമ്മത്തെ ബലമായി ഉപേക്ഷിക്കരുതു്. അങ്ങനെ ചെയ്യുകയാണെങ്കിൽ നിനക്കു ഭംഗിയായി ഒന്നും ചെയ്യുവാൻ സാധിക്കുകയില്ലെന്നു കാണാം. തൽഫലമായി നിനക്കു പരിഭ്രമമുണ്ടാകുകയും മനസ്സു തകിടംമറിയുകയും ചെയ്യും."

വെളിച്ചത്തിൽ വക്രത (refraction) യെപ്പറ്റിയായി സംഭാഷണം. സ്വാമികൾ പറയുന്നു:—"ഞാൻ ഇജാറിൽക്കൂടി തീവണ്ടിയിൽ സഞ്ചരിക്കുമ്പോൾ വണ്ടിപ്പാളത്തിന്റെ ഇരുവശങ്ങളിലുമായി അനേകം മൈൽ ദൂരം വെള്ളം കിടക്കുന്നതായി തോന്നി. ഇത്രവളരെ വെള്ളം എവിടെനിന്നു വന്നുവെന്നു ഞാൻ അതിശയിച്ചു. ഈശ്വരാനുഭൂതി ലഭിച്ചാൽ പിന്നീടു് ഈ ലോകം മൃഗതൃഷ്ണപോലെ ഒരു വെറും തോന്നൽമാത്രമായി അനുഭവമാ

കും. ആകൃഷ്കമായി അതിൽ ഒന്നും കാണുകയില്ല. മണലാരണ്യത്തിൽ ജലം കാണുന്നവന് അതു വെള്ളമല്ലെന്നു നന്നായി അറിയാം. അതുപോലെ നാമരൂപാത്മകമായ ലോകം ഉള്ളതായി കണ്ടാലും അതെല്ലാം വെറും മായയായി അയാൾക്കു തോന്നുന്നു.

"ആദ്യം നിങ്ങൾ ഈ ജ്ഞാനം സമ്പാദിക്കണം. ജ്ഞാനം ലഭിച്ചശേഷം ഈലോകത്തേക്കു മടങ്ങിവരുന്നയാൾക്ക് എല്ലാം പൂർവ്വവൽ ദൃശ്യമാകുമെങ്കിലും അയാൾ അതിലൊന്നും സക്തനാകുന്നില്ല. മൃഗതൃഷ്ണയാണെന്നറിയുന്നതിനുമുൻപ് ഒരുവൻ അതിൽനിന്നു വെള്ളം കിട്ടുമെന്നാശിക്കുന്നു. ഒരിക്കൽ അതിന്റെ സ്വഭാവം മനസ്സിലായാൽ പിന്നെ അതിൽനിന്നു വെള്ളം കിട്ടുമെന്ന് അയാൾ പ്രതീക്ഷിക്കുകയില്ല. അപ്രകാരംതന്നെ ജ്ഞാനിയ്ക്ക് ലോകം സത്യമാണെന്നു തോന്നുന്നില്ല. തന്മൂലം അതിനോടു സംഗം ഒട്ടുംതന്നെയുണ്ടാകുന്നുമില്ല.

"സയൻസ് പല പദാർത്ഥങ്ങളോടും നമുക്കുള്ള സംഗത്തെ കുറച്ചിട്ടുണ്ട്. ഉദാഹരണമായി നിറങ്ങളുടെ സംഗതിയെടുക്കുക. വാസ്തവത്തിൽ ഒന്നിനും അതിന്റെ സ്വന്തമായി ഒരു നിറവുമില്ല. സൂര്യരശ്മി സപ്തവർണ്ണങ്ങളുടെ ഏകീകരണമാകുന്നു. ഓരോ പദാർത്ഥവും സൂര്യപ്രകാശത്തിന്റെ ചില വർണ്ണങ്ങളെ ഗ്രഹിക്കുകയും ബാക്കിയുള്ളവയെ പ്രതിഫലിപ്പിക്കുകയുംചെയ്യുന്നതിനെ നാം ആ വസ്തുവിന്റെ നിറമെന്നു വ്യവഹരിക്കുകയുംചെയ്യുന്നു. ആ വസ്തുവിന്റെ ആകൃഷ്കമായ നിറം സൂര്യരശ്മി

യെ ആശ്രയിച്ചിരിക്കുന്നുവെന്ന ബോദ്ധ്യമായാൽ പി
ന്നെ നാം അതിനാൽ ആകഷ്ടിക്കപ്പെടുകയില്ല. സുന്ദര
മായ ഒരു പദാർത്ഥത്തിന്റെ സൗന്ദര്യം പരിതസ്ഥിതി
കളുടെ മാറ്റംകൊണ്ടു നഷ്ടപ്പെട്ടേക്കാം. വാസ്തവത്തിൽ
എല്ലാ വസ്തുക്കളുടേയും സൗന്ദര്യം നഷ്ടപ്പെട്ടുകൊണ്ടേയി
രിക്കുന്നു.

"ഇനി സ്പർശേന്ദ്രിയമെടുക്കുക. വാസ്തവത്തിൽ നമു
ക്ക് ഒരിന്ദ്രിയം മാത്രമേയുള്ളൂ. അതു സ്പർശേന്ദ്രിയമാണ്. ദർ
ശനം ശ്രവണം എന്നിവയെല്ലാം സ്പർശം അഥവാ സം
യോഗം എന്നതിനെ ആശ്രയിച്ചിരിക്കുന്നു. സംയോഗ
മില്ലാതെ ഈ അനുഭവങ്ങളിൽ ഒന്നും സാദ്ധ്യമല്ല. 'യേ
ഹിസംസ്പർശ ജാഭോഗാ ദുഃഖയോനയ ഏവതേ' ദേശകാ
ലാനുസൃതം ഒരേശബ്ദംതന്നെ മധുരവും, ക്രൂരവുംആയി
മാറുന്നു. ശബ്ദം ആകാശത്തുകൂടി സഞ്ചരിക്കുന്നതുകൊ
ണ്ടാണ് ഇവിടെയും ചെവിക്കു സംയോഗം ആവശ്യമാ
യിരിക്കുന്നത്."

1925 ജനുവരി 1-ാംനു-

ബ...:—മഹാരാജ്, 'മനസ്സും വാക്കും ഏകമാക്കുക'
എന്നു ഗുരുദേവൻ ആജ്ഞാപിക്കുന്നതിന്റെ അ
ർത്ഥമെന്താണ്.

സ്വാമികൾ:—നിങ്ങൾ നിഷ്കപടന്മാർ – ഋജുസ്വഭാവി
കൾ—ആയിരിക്കണം. നിങ്ങളുടെ ബാഹ്യവും ആ
ന്തരവുമായ ജീവിതങ്ങൾതമ്മിൽ ഐകരൂപ്യമു
ണ്ടായിരിക്കണം.

ബ...:—പ്രകൃത്യാ അതങ്ങനെയാണല്ലോ. നാം സംസാരിക്കുന്നതുതന്നെ വിചാരിക്കുകയുംചെയ്യുന്നു. എന്നാൽ അതു ദുർല്ലഭമല്ലേ? നാം ഭഗവന്നാമം ഉപരിപ്ലവമായിട്ടു ജപിക്കുന്നു. വളരെ ഉപരിപ്ലവമായിട്ട്. ഞാൻ അവിടുത്തെ സേവകനാണ്. ദാസനാണ്, അവിടുന്നു സേവ്യനാണ് പ്രഭുവാണ്. എന്റെ നാഥനാണ്. 'ഞാൻ അവിടുത്തേക്കുവേണ്ടി എല്ലാം ത്യജിച്ചു. അവിടുത്തെ ദർശനം എനിക്കു ലഭിക്കണമേ!' എന്നൊക്കെയാണു നാം പറയുന്നു. എന്നാൽ അതേസമയത്തു നാം മനസ്സിൽ നാനാവിധങ്ങളായ ചീത്ത വിചാരങ്ങളെ വെച്ചു പുലർത്തുകയുംചെയ്യുന്നു. ഇതു ശരിയല്ല. വെളിയിൽ പറയുന്നതുപോലെതന്നെയായിരിക്കണം മനസ്സിലെ വിചാരവും.

ഭ...:—ആരംഭത്തിൽ നാമം വെറുതെ ജപിച്ചാൽമാത്രം മതിയോ? ആദ്യം ഏകാഗ്രത കിട്ടുന്നില്ല.

സ്വാമികൾ:—അതങ്ങനെതന്നെ. എന്നാൽ നാമത്തിനൊപ്പിച്ചു ഭാവനയും ക്രമേണ മനസ്സിൽ വളർന്നുവരുന്നു.

ബ...:—ഞങ്ങൾക്കു ഗുരുദേവന്റെയും സ്വാമിജിയുടെയും അപാരമായ കൃപയുണ്ട്. അവിടുത്തെ കൃപയ്ക്കും ഞങ്ങൾ പാത്രമായിട്ടുണ്ട്. എന്നിട്ടും പറയത്തക്ക പുരോഗതി ഞങ്ങൾക്കുണ്ടാകുന്നതായി തോന്നുന്നില്ല.

സ്വാമികൾ:—കൃപയും അനുഗ്രഹവും തീർച്ചയായും ഉണ്ട്. എന്നാൽ വളരെനാളായി ശുദ്ധമായിക്കിടക്കുന്ന

സംസ്കാരം ഒരുദിവസംകൊണ്ടു പരിച്ചുകളയുക സാദ്ധ്യമാണോ? അവയെ ക്രമേണ നശിപ്പിക്കുക. നിങ്ങൾ ഭഗവാനുവേണ്ടി ഗൃഹം ത്യജിച്ചു. ഇതുതന്നെ ഒരു വലിയ സിദ്ധിയാണു്. നിങ്ങൾ പതുക്കെപ്പതുക്കെ മുൻപോട്ടു പോകുകയാണു്. ക്രുത്തൽ ക്രുത്തൽ അഭിവൃദ്ധിയുണ്ടാകുകയുംചെയ്യുന്നു. ഗുരുദേവന്റേയും സ്വാമിജിയുടേയും കൃപ നിങ്ങളിലുണ്ടു്. ഇപ്പോൾ മനസ്സു ശുദ്ധമാക്കി സാധനയിൽ മുഴുകുക. അപ്പോൾ കാണാം പുരോഗതിയുണ്ടോ ഇല്ലയോ എന്നു്. സത്യം അനുഭവപ്പെട്ടുത്തുന്നതിനു മുൻപു് കഠിനമായി അദ്ധ്വാനിക്കേണ്ടതുണ്ടു്.

ബ...:—ധ്യാനിക്കുമ്പോൾ ഇഷ്ടരൂപമല്ലാതെ വേറെ ഏതെങ്കിലും രൂപം പ്രത്യക്ഷപ്പെട്ടാൽ എന്താണു ചെയ്യേണ്ടതു്?

സ്വാമികൾ:—ഇഷ്ടദേവൻ ആ രൂപത്തിൽ പ്രത്യക്ഷപ്പെട്ടതായി വിചാരിക്കണം. അപ്പോൾ ആ രൂപം മറഞ്ഞു് ഇഷ്ടദേവന്റെ രൂപം പ്രത്യക്ഷപ്പെടും.

മ...:—ഏതു രൂപം വന്നാലും നാം അങ്ങനെ ചെയ്യണോ?

സ്വാമികൾ:—വേണ്ട. ഏതെങ്കിലും ഒരു സിദ്ധന്റെ രൂപം പ്രത്യക്ഷപ്പെട്ടെങ്കിൽമാത്രം അങ്ങനെ ചെയ്താൽമതി.

മ...:—ഒരു സാധാരണ രൂപമാണെങ്കിലോ?

സ്വാമികൾ:—ദൃഢനിശ്ചയത്തോടുകൂടി അതിനെ അടിച്ചോടിക്കണം. തൽസ്ഥാനത്തു് ഇഷ്ടവിഗ്രഹം പ്രതിഷ്ഠിക്കുവാൻ സകല ശക്തികളുമുപയോഗിച്ചു ശ്രമിക്കണം. പെട്ടെന്നു് ഒരു ചെരിപ്പുകുത്തിയുടെ കടയുടെ രൂപമാണു നിങ്ങളുടെ മുൻപിൽ വരുന്നതെങ്കിൽ അതിനെ എങ്ങനെ ധ്യാനിക്കാം?

ശ...:—'ഏകതത്ത്വജ്ഞാനം സ്വായത്തമാക്കിയശേഷം നിങ്ങൾക്കിഷ്ടമുള്ളിടത്തു പോകാം' എന്നു ഗുരുദേവൻ പറയുന്നതിന്റെയർത്ഥമെന്തു്?

സ്വാമികൾ:—'ഇഷ്ടമുള്ളിടത്തു പോകാം' എന്നല്ല 'ഇഷ്ടമുള്ളതു ചെയ്യാം' എന്നാണു്. പരമജ്ഞാനം ലഭിച്ചാൽ പിന്നീടു് ഒരുവനു യാതൊരു ദുഷ്പ്രവൃത്തിയും ചെയ്യാൻ സാധിക്കുകയില്ല എന്നാണു് അദ്ദേഹം ഉദ്ദേശിച്ചിട്ടുള്ളതെന്നു സ്പഷ്ടമാണു്. ഈശ്വരാനുഭൂതി ലഭിച്ചവനു—വിവേകം, ഭക്തി, വൈരാഗ്യം, ചിത്തശുദ്ധി എന്നിവവഴിയായി ജ്ഞാനിയായിതീർന്നയാൾക്കു—എങ്ങനെ അകൃത്യം ചെയ്യാൻകഴിയും? അങ്ങനെയുള്ളയാൾക്കു നിശ്ചയമായും തെറ്റുചെയ്യാൻ സാദ്ധ്യമല്ല.

ര...:—സാകാരസാധനയിൽകൂടി ഏകതത്ത്വജ്ഞാനം (അഭേദജ്ഞാനം) ലഭിക്കുക സാധ്യമാണോ?

സ്വാമികൾ:—എന്തുകൊണ്ടു സാദ്ധ്യമല്ല? അതു ക്രമേണ അഭേദജ്ഞാനത്തിലേക്കു നയിക്കുന്നു.

ബ ..: — അതെങ്ങിനെയാണവസാനിക്കുന്നതു്? ഈശ്വരന്റെ അന്തര്യാമിതത്വം സകല വസ്തുക്കളിലും അനുഭവമാകുകയാണോ അതോ എല്ലാം മുഴുവനായി മറയുകയാണോ?

സ്വാമികൾ:—രണ്ടുമുണ്ടു്. സാധനയിൽ പുരോഗമനംചെയ്യുമ്പോൾ നിനക്കതു മനസ്സിലാകും. അഭ്യാസംചെയ്യുക. വെറുതെ സംസാരിച്ചതുകൊണ്ടു ഫലമെന്താണു്. കുറേനാളെങ്കിലും ജപവും ധ്യാനവും ശീലിക്കുക. അല്ലെങ്കിൽ 'തുളസി വാസ്തവത്തിൽ എന്റെ യഥാർത്ഥ പ്രകൃതിയാണു്' എന്നു പറഞ്ഞുകൊണ്ടു നല്ലനല്ല സാധനങ്ങൾ ഭക്ഷിക്കുന്ന പഞ്ചാബിസന്ന്യാസിമാരുടെ പറച്ചിൽപോലെയായിത്തീരും. കഠിനമായി പ്രയത്നിക്കുക. കാലക്രമേണ എല്ലാം നിനക്കറിയാറാകും. ഇങ്ങനെയുള്ള ഉർഗ്രഹവിഷയങ്ങളേപ്പറ്റി ചോദ്യങ്ങൾ ചോദിച്ചതുകൊണ്ടു പ്രയോജനമില്ല. എല്ലാവരും ധാരാളം പറയും, എന്നാൽ പ്രവൃത്തിക്കുന്നവരോ വളരെക്കുറച്ചുമാത്രം. പ്രവൃത്തിയനുസരിച്ചാണു് ഫലം. എന്തുകൊണ്ടു് അഭ്യസിക്കുന്നില്ല?

ബ . :—മഹാരാജ് (ശ്രീബ്രഹ്മാനന്ദസ്വാമികൾ) ഹൃദയത്തിൽ ധ്യാനിക്കുവാൻ പറയുന്നു. 'ഹൃദയം' എന്ന പദംകൊണ്ടു് ഏതു പ്രത്യേക ഭാഗമാണുദ്ദേശിച്ചിട്ടുള്ളതു്?

സ്വാമികൾ:—(ഹൃദയത്തിൽ കൈവെച്ചുകൊണ്ടു്) ഇതു്, ഉദരത്തിനു മുകളിലുള്ള കുഴിയാണു ഞങ്ങൾ ഉദ്ദേശി

ക്കുന്നത്. ഇവിടെ എട്ട് ദളമുള്ള ചെന്താമരപ്പൂവിൽ ഇഷ്ടദേവൻ ഇരിക്കുന്നതായി ധ്യാനിക്കണം. ശിരസ്സിൽ പുരികങ്ങളുടെ മുകളിലായിട്ട് ഗുരു, വെൺതാമരപ്പൂവിൽ ഇരിക്കുന്നതായിട്ടും ധ്യാനിക്കുക.

ഹ.. :—ഈശ്വരകോടിയെന്നാൽ ആരു്?

സ്വാമികൾ:—ഈശ്വരകോടിയാരെന്നു വ്യാഖ്യാനിച്ചു തരുവാൻതക്കവണ്ണം ഞാൻ ഒരീശ്വരകോടിയല്ല.

മ...:—ശാസ്ത്രങ്ങൾ ആ കാര്യത്തെപ്പറ്റി എന്തു പറയുന്നുവെന്നറിയുവാനാണു് ഞാനാഗ്രഹിക്കുന്നത്.

സ്വാമികൾ:—ചില ഐശ്വരകാര്യങ്ങൾ സാധിക്കുവാനായി ഈശ്വരകോടികൾ ഈ ഭൂമിയിൽ അവതരിക്കുന്നു. അവർ പൂർണ്ണജ്ഞാനത്തോടുകൂടി അവതരിക്കുന്നു. നാരദൻ, ശുകദേവൻ മുതലായ മഹർഷികൾ ആ തരത്തിലുള്ളവരാണു്. വേദാന്തപ്രകാരം അവർ മായയുടെ ഒരു ചെറിയ ആവരണം മാത്രമിട്ടുകൊണ്ടു് ജാതരാകുന്നു.

ഹ...:—ജീവന്മുക്തനും ഈശ്വരകോടിയും തമ്മിൽ എന്താണു വ്യത്യാസം?

സ്വാമികൾ:—ഒരു സാധാരണ ജീവന് എല്ലാം കഠിനമായ അദ്ധ്വാനംകൊണ്ടു സാധിക്കേണ്ടിയിരിക്കുന്നു. അദ്വൈതാവസ്ഥയിലെത്തിയാൽ പിന്നൊ അയാൾക്കു സാധാരണനിലയിലേയ്ക്കു വരുവാൻ സാധിക്കുകയില്ല. ഈശ്വരകോടികളാവട്ടെ, ലോകനന്മക്കായി, വെളിയിൽ മായയുടെ മൂടുപടവും അകത്തു്

സമ്പൂർണ്ണജ്ഞാനവും വഹിച്ചുകൊണ്ട് അവതാരപു രുഷന്മാരോടൊപ്പം ജാതരാകുന്നു. അവക്ക് ഏററ വും ഉച്ചാവസ്ഥയിൽനിന്നുപോലും താഴെ വരാൻ കഴിയും. എന്നാൽ അതു സാധാരണ മനുഷ്യക്ക് സാദ്ധ്യമാണോ?

ഹ...:—അവതാരമെന്നാൽ എന്തു്? അദ്ദേഹത്തിന് എ പ്പോഴും തന്റെ യഥാർത്ഥപ്രകൃതിയെപ്പററി ബോ ധമുണ്ടായിരിക്കുമോ?

സ്വാമികൾ:—ഉവ്വ്. അദ്ദേഹം എപ്പോഴും പൂർണ്ണജ്ഞാന ത്തിൽ പ്രതിഷ്ഠിതനാണു്. എന്നാൽ അദ്ദേഹം സ്വേച്ഛയാ ഇടയ്ക്കിടയ്ക്കു മായയാകുന്ന മൂടുപടം കൊണ്ടു തന്നെ മൂടുന്നു.

ഹ...:—അദ്ദേഹത്തിന്റെ ആത്മികസാധനയുടെ ഉദ്ദേ ശ്യമെന്തു്?

സ്വാമികൾ:—സ്വേച്ഛയാ മൂടുപടം ധരിക്കുന്നതുകൊണ്ടു് സാധാരണമനുഷ്യരെപ്പോലെ അദ്ദേഹവും ആവശ്യ ങ്ങൾക്കു വിധേയനാവുന്നു. ഇതുകൊണ്ടാണു് അ ങ്ങിനെയുള്ളവർ സാധന മുതലായവ ചെയ്യുന്നതു്. മറവുള്ളവർ എന്തുപോലെയാണെന്നറിയാമോ? അ വർ സമുദ്രത്തിന്റെ ആഴമളക്കാൻ പോകുന്ന ഉപ്പു പാവുപോലെയാണു്. അവർ ഒരിക്കലും തിരിച്ചു വരാതെ സമുദ്രജലത്തിൽ അലിഞ്ഞുപോകുന്നു.

ക...മഹാരാജ്! ഇതവരുടെ ജ്ഞാനത്തിലുള്ള വ്യത്യാസം കൊണ്ടോ ശക്തിയിലുള്ള വ്യത്യാസംകൊണ്ടോ?

സ്വാമികൾ:—ശക്തിയിലുള്ള വ്യത്യാസംകൊണ്ടാണ്. ഗുരുദേവൻ അതിനെപ്പറ്റി പറഞ്ഞിട്ടുള്ളതു നിനക്കറിയാമല്ലോ. 'ഒരു പുൽത്തകിടിയിൽക്കൂടി മൂന്നു പേർ നടന്നു പോകയായിരുന്നു. അടുത്തുള്ള ഒരു ഗൃഹത്തിൽനിന്നു മധുരമായ സംഗീതം അവർക്കു കേൾക്കായി. ഗൃഹത്തിനുള്ളിൽ കടക്കുവാൻ വാതിലൊന്നും കണ്ടില്ല. അതിനാൽ ഒരുവൻ ഒരു കോവണി കൊണ്ടുവന്നു വളരെ പ്രയാസപ്പെട്ടു മതിലിന്റെ മുകളിൽ കയറി. അകത്തു നടക്കുന്ന ആശ്ചര്യകരമായ സ്തുതിയും, സംഗീതസദസ്സും കണ്ടു മതിമറന്ന അയാൾ അകത്തേക്കു ചാടി. രണ്ടാമനും അയാളെ പിൻതുടർന്നു. മൂന്നാമന്റെ മട്ടൊന്നു വേറെയായിരുന്നു. അയാളും മതിലിനുമുകളിൽ നിന്നു കണ്ടു അകത്തെ വിശേഷങ്ങൾ. 'പക്ഷേ ഇതെല്ലാം ഞാൻ തനിച്ചാസ്വദിക്കുന്നതു് സ്വാർത്ഥമാണു്. അതു പാടില്ല. ഞാൻ ബാക്കിയുള്ളവരേയുംകൂടി വിളിച്ചുകൊണ്ടുവരട്ടെ. അവരുംകൂടി രസിക്കട്ടെ. എന്നു വിചാരിച്ചു് അയാൾ താഴെയിറങ്ങിവന്നു് അനേകംപേരെ വിളിച്ചു് ഗൃഹത്തിനുള്ളിലുള്ള വിവരങ്ങൾ അവരെ ധരിപ്പിച്ചു.' ഇതുപോലെയുള്ളവരാണു് അവതാരപുരുഷന്മാർ. ഇതു ശക്തിയുടെ പ്രകാശത്തിന്റെ ഭേദം കൊണ്ടാണു്. വളരെ നാളത്തെ കഠിനാധ്വാനത്തിന്റെ ഫലമായി കിട്ടുന്നതു് അന്യന്മാരോടുകൂടി പങ്കിട്ടനുഭവിയ്ക്കുവാൻ മഹാമനസ്കന്മാർക്കേ സാധിക്കൂ. എന്തൊരു ത്യാഗം! എന്തൊരു ക്ഷമ! ഇതെല്ലാം ശക്തിപ്രകാശത്തിന്റെ അളവിലുള്ള ഭേദത്തെ കാണിക്കുന്നു.

ബ . :—മഹാറാജ്! തോതാപുരി അദ്വൈതാവസ്ഥയിലെത്തിയിരുന്നോ?

സ്വാമികൾ:—(കുറച്ചുനേരം മിണ്ടാതിരുന്നിട്ട്) അങ്ങനെയുള്ള ചോദ്യം ചോദിക്കുന്നതെന്തിനു്? തോതാപുരിയെപ്പറ്റി എല്ലാം അറിയാൻ ഞാൻ തോതാപുരിയാണോ? ഇക്കാര്യങ്ങളെപ്പറ്റി പറയുന്ന പുസ്തകങ്ങളിൽനിന്നു് ഇതെല്ലാം നിനക്കുതന്നെ എളുപ്പം മനസ്സിലാക്കാൻ സാധിക്കുകയില്ലെ?

ബ.. :—അവിടുന്നു് ഇപ്പോൾ പറഞ്ഞുവല്ലൊ ഈശ്വരകോടികൾക്കും അവതാരപുരുഷന്മാർക്കും മാത്രമേ നിർവ്വികല്പസമാധിയിൽ അദ്വൈതബോധം സമ്പാദിച്ചശേഷം തിരിച്ചു സാധാരണാവസ്ഥയിലേയ്ക്കു വരാൻ സാധിക്കയുള്ളുവെന്നു്. അതുകൊണ്ടാണു ഞാൻ ഇങ്ങനെ ചോദിച്ചതു്.

സ്വാമികൾ:—എന്തു്? ജീവന്മുക്തന്മാർക്കു് എന്തു സംഭവിക്കുന്നു? ജ്ഞാനലാഭത്തിനുശേഷം അവരും ജീവിച്ചിരിക്കുന്നു. ഇതെല്ലാം അനുഭവിച്ചറിയേണ്ട കാര്യമാണു്. വെറുതെ ചോദിച്ചതുകൊണ്ടുമാത്രം പ്രയോജനമില്ല. പരിശുദ്ധനായിരിക്കുക. ഛീത്തവിചാരങ്ങളെ അടിച്ചുപുറത്താക്കിയിട്ടു കഠിനമായി അധ്വാനിക്കുക. ക്രമേണ നിനക്കു് എല്ലാം മനസ്സിലായിവരും. ആന്തരജ്ഞാനംകൂടാതെ ഈ കാര്യങ്ങളം മനസ്സിലാക്കാൻ സാധ്യമല്ല. നല്ലവണ്ണം സാധനചെയ്യുക. അഭ്യാസം അടിച്ചുപിടിച്ചു ചെയ്യിക്കുന്ന ഒരു വേലപോലെ ചെയ്യരുതു്."

ര...:— ഞങ്ങളുടെ ചുമലിൽ മിഷന്റെ ഭാരമേറിയ വേല അവിടുന്നു വെച്ചുകൊണ്ടിരിക്കുന്നു. ഇതു വലിയ ഭാരവും വച്ചുകൊണ്ടു് ഒരുവന്നു സമ്പൂർണ്ണസാധനയിൽ ഏർപ്പെടാൻ എങ്ങനെ സാധിക്കും?

സ്വാമികൾ:—(ര-നോടു്) ഭാരമേറിയ വേലതന്നെ. ശരി. പക്ഷെ അങ്ങനെയുള്ള വേലയില്ലായിരുന്നെങ്കിൽ ഇപ്പോൾ ചെയ്യുന്നതിൽ പകുതിപോലും നീ ചെയ്യുകയില്ലായിരുന്നുവെന്നു നീ കാണുന്നില്ലേ? കഴിയുമെങ്കിൽ ഒരുദിവസം—ഒറ്റദിവസം—വേലയുപേക്ഷിച്ചുനോക്കുക. സത്യത്തിൽ നിന്നു് ഊണുകഴിച്ചുകൊണ്ടു നല്ലവണ്ണം സാധനചെയ്യുക. നിനക്കു് എത്ര പുരോഗതിയുണ്ടാകുമെന്നു ഞാൻ നോക്കട്ടെ. ഒരുദിവസംപോലും ഇങ്ങനെ ചെയ്യാൻ നിന്നെക്കൊണ്ടു സാധിക്കയില്ല. സപ്തദിവസംകൊണ്ടു നീ മടിയനായിത്തീരും. സ്വാമിജി ഈ വേലകൾ മനുഷ്യസേവയ്ക്കുവേണ്ടി—മനുഷ്യൻ സാക്ഷാൽ ജഗദീശ്വരന്റെ പ്രതിബിംബമാണെന്നുള്ള പൂർണ്ണജ്ഞാനത്തോടുകൂടിയ സേവയ്ക്കുവേണ്ടി—ഏർപ്പെടുത്തി. ഇതു് ഒരു പുതിയ വഴി—ആഡംബരഹീനവും നിഷ്പ്രയാസവുമായ വഴിയാണു്. എന്നിട്ടും ഇതു നിനക്കു പറ്റുന്നില്ല! വേല വിട്ടിരുന്ന ഫലമെന്താണെന്നു നോക്കാത്തതെന്തു്? ഇപ്പോൾ വേലയുടെ ഇടയ്ക്കു നീ ചെയ്യാറുള്ളതു മുഴുങ്ങിയ സാധനപോലും ചെയ്യാതാകും. ഇപ്പോൾ സ്വാർത്ഥതകൂടാതെ വേല ചെയ്യുന്നു. അതു് ഉപേക്ഷിച്ചാൽ നീ സ്വാർത്ഥതയിൽ മുഴുകും. അതാണു ഫലം. ലോകത്തു ജന

ങ്ങൾക്കു് എത്ര കഷ്ടപ്പെട്ടു വേലചെയ്യേണ്ടിയിരിക്കു
ന്നുവെന്നു നീ കാണുന്നില്ലേ? ലോകരംഗത്തിറങ്ങി
അതിന്റെ നേരംപോക്കൊന്നു പരീക്ഷിക്കാത്തതെ
ന്തു്? സ്വന്തം മാതാപിതാക്കന്മാരെ ശുശ്രൂഷിക്കാൻ
വേണ്ട വകയുണ്ടാക്കാൻ തന്നെ എന്തുചെയ്യണമെ
ന്നറിയാതെ പലരും കുഴങ്ങുന്നു. വേലയൊന്നും ചെ
യ്യാത്ത ഒരുവനു നല്ല ശാപ്പാട്ടു കൊടുക്കണമത്രെ!
എന്തുകൊണ്ടു്? സാധനചെയ്യുന്നതുകൊണ്ടു്! ഇതു
പറകയില്ല. വേലയുടെ ഇടയ്ക്കുപോലും ഒരുവനു
തീവ്രയായും ലക്ഷ്യത്തിൽചെന്നെത്താൻ കഴിയും.
ആത്മികസാധനയും ഗുരു മഹാരാജിന്റെ വേലയാ
യ മിഷൻവേലയും തമ്മിൽ ഒരു അണുപോലും വ്യ
ത്യാസമുണ്ടോ? പ്രവൃത്തിയുപേക്ഷിച്ചാൽ സാധന
ചെയ്യാനുള്ള ആഗ്രഹംപോലും മന്ദമായിത്തീരും.
വഴിക്കു തടസ്സമുണ്ടായിരിക്കുന്ന കാലത്തോളമാണു്
ശക്തിയും പ്രകടമാകുന്നതു്. വീട്ടിൽ താമസിക്കു
ന്നകാലത്തു സന്യാസിയാകാനുള്ള ആഗ്രഹം ദൃഢ
മായിരിക്കുന്നു. എന്നാൽ സന്യാസിയായിത്തീർന്നതിനു
ശേഷം എത്രകാലത്തേയ്ക്കു് ഈ സദുദ്ദേശം നിലനി
ല്ക്കുന്നു? അധികംപേക്കുമില്ല. (കുറച്ചുനേരം മിണ്ടാതി
രുന്നശേഷം) നിയമേനയുള്ള പഠിത്തം, മാതാപി
താക്കന്മാരുടെ പ്രത്യേകമേൽനോട്ടം, വിവാഹാദി
കാര്യങ്ങൾ മുതലായവ തടസ്സമുണ്ടാക്കുന്നു. തൽഫ
ലമായി ശക്തി വർദ്ധിക്കുന്നു. എന്നാൽ വീടുവിട്ടാൽ
അപ്പോൾതന്നെ ലക്ഷ്യത്തിൽ ചെന്നെത്തിയെന്നു
വിചാരം ഒരുവനുണ്ടാകുന്നു. പിന്നെ ഒട്ടും അധ്വാ

നിക്കുന്നേയില്ല. ഒരു വരമ്പിന്റെ കാര്യംതന്നെയെടുക്കുക. വരമ്പുള്ളകാലത്തോളം അതു ഭേദിച്ചു പുറത്തു പോകാൻ ജലം തള്ളിക്കയറുന്നു. വരമ്പു പിളർന്നുപോയാൽ പിന്നെ വെള്ളം പരക്കുകയാണു്. പിന്നെ അതിനു ശക്തിയില്ല. എല്ലായിടവും ചിതറിപ്പോയതുകൊണ്ടു് ഏകീകൃതമായ ശക്തി നശിച്ചുപോകുന്നു."

ക...:—പുറത്തേയ്ക്കു തള്ളി വഴിയുണ്ടാക്കാതെ അവസാനംവരെ കെട്ടിനിന്നു് അതിന്റെ ശക്തി നശിപ്പിക്കുന്നും വരാമല്ലൊ.

സ്വാമികൾ:—വരാം. ചിലപ്പോൾ അങ്ങനേയുമുണ്ടാകാം. എന്നാൽ അതു ചുരുക്കമാണു്. ശക്തിയുടെ സ്വഭാവം അതിന്റെ പ്രകടനത്തിനു വഴിതേടുകയും തടസ്സങ്ങൾകൊണ്ടു കൂടുതൽ ബലം ശേഖരിക്കയും ആണു്. നിനക്കു കിട്ടിയിട്ടുള്ള മന്ത്രം നീ മുടങ്ങാതെ എന്തുകൊണ്ടു ജപിക്കുന്നില്ല? ഇതു നിങ്ങളാരും ചെയ്കയില്ല. നിങ്ങളുടെ ഗുരുവിന്റെ ഉപദേശങ്ങൾ അനുസരിക്കിൻ! നിങ്ങളിൽ എത്രപേർ അതു ചെയ്യുന്നു? കൂടിപ്പോയാൽ ഒരുത്തൻ അര മണിക്കൂർ സാധനചെയ്യും. അതും മനസ്സിനെ ശാന്തമാക്കിക്കൊണ്ടല്ല. ആരോ അടിച്ചു പിടിച്ചു ചെയ്യിക്കുന്നതുപോലെ കുറച്ചു ജപിച്ചിട്ടു് എഴുനേറ്റു പോകും. ഇതുകൊണ്ടു ഗുണമില്ല. മന്ത്രം ലഭിച്ചശേഷം ചെയ്യേണ്ട നിയമങ്ങൾ ആരാണു് അനുസരിച്ചിട്ടുള്ളതു്. ഈയിടെ പലരും സന്ന്യാസം നേരംപോക്കിനായി സ്വീകരിക്കയാണു്. നിങ്ങളുടേയും സാധാരണ പ

തിപിതാണെന്നാണു് തോന്നുന്നതു്. സന്ന്യാസമെന്നുള്ളതു് ആഭ്യന്തരമായ ഒരു വികസനമാണു്. വെറും ചടങ്ങുകൊണ്ടു മുന്നോട്ടു പോകുവാൻ സാധിക്കയില്ല. ബാഹ്യചടങ്ങുകളിൽ വല്ലതുമുണ്ടോ? ഒരുവൻ സ്വയം സന്ന്യാസത്തിനു യോഗ്യനാക്കിത്തീക്കണം. ഇതിനു് ആഭ്യന്തരമായ ഒരു വളച്ചു് ആവശ്യമാണു്. യഥാർത്ഥഭാവത്തിൽ—ശരിയായ ഉദ്ദേശ്യത്തോടുകൂടി—വേലചെയ്യുന്നവർ എത്രപേരുണ്ടു്? ക്രിക്കാരനെപ്പോലെ വേലചെയ്താൽ എന്തു കിട്ടും? ഭാവം—നമ്മൾ മനുഷ്യരൂപത്തിലിരിയ്ക്കുന്ന നാരായണനെയാണു സേവിയ്ക്കുന്നതെന്നും ഇഷ്ടദേവതയാണു് എല്ലാ മനുഷ്യരിലും ഇരിയ്ക്കുന്നതെന്നും ഉള്ള ബോധം—ആണു് കാലാന്തരത്തിൽ ഗണിക്കപ്പെടുന്നതു്.

ബ...:—ഇഷ്ടദേവതയേയും ബാഹ്യവസ്തുക്കളേയും കൂടി ഒരേസമയത്തു കണ്ടുകൊണ്ടിരിക്കാൻ സാധ്യമാണോ?

സ്വാമികൾ:—ഇഷ്ടദേവതയെ പലേ രൂപത്തിൽ കാണാൻകഴിയുമെന്നുള്ളതാണു തത്ത്വം. ഇഷ്ടദേവത എല്ലാറ്റിലുമുണ്ടു്. ഈശ്വരൻതന്നെ ജഗന്മാതാവിനെ എല്ലാ വസ്തുവിലും കണ്ടില്ലേ?
(കുറച്ചു മിണ്ടാതിരുന്നശേഷം) യത്നിക്കുക; യത്നിക്കുക. നല്ലവണ്ണം അധ്വാനിക്കുക.

ക...:—മഹാരാജ്, ഞങ്ങൾ ഈശ്വരനെ കാണുന്നില്ല. കാണാതെ അദ്ദേഹത്തെ ഞങ്ങൾക്കു് എങ്ങനെ

സ്നേഹിക്കാൻകഴിയും? കാണാത്തയാളെ സ്നേഹിക്കുന്നതെങ്ങനെ? വിശേഷിച്ചും അദ്ദേഹമുണ്ടെന്നുള്ളതുതന്നെ സംശയഗ്രസ്തമായിരിക്കെ?

സ്വാമികൾ:—"ഗുരുവിന്റെ ഉപദേശപ്രകാരം പ്രവർത്തിക്കുക. ഈശ്വരാനുഭൂതിയുണ്ടായിട്ട് ഗുരു ഉപദേശിച്ചതു ശരിയായി അനുസരിക്കയാണെങ്കിൽ ഒടുവിൽ എല്ലാം നിഷ്പ്രയാസമായിത്തീരും. ധ്യാനം പിന്നെ സഹജമേവ വരും. ധ്യാനിയ്ക്കാൻ പ്രയാസംകണ്ടാൽ മന്ത്രം വളരെ ശ്രദ്ധയോടുകൂടി ജപിക്കണം. (ബ... നോട്ട്) ഗുരു നിന്നോടാജ്ഞാപിച്ചതുപോലെ നീ നടക്കുന്നുണ്ടോ? ഗുരു ആജ്ഞാപിക്കുന്നതിന്റെപകുതിപോലും ആരു് അനുഷ്ഠിക്കുന്നു? അഭ്യാസം ചെയ്യുക. തീച്ചയായും ഫലംകിട്ടും. മന്ത്രപുരശ്ചരണമെന്നാൽ എന്തെന്നറിയാമോ? ഏതെങ്കിലും ഒരുമന്ത്രം ഒരേ സമയം ഒരു ലക്ഷം പ്രാവശ്യം ജപിക്കുമ്പോൾ ആ മന്ത്രം 'ചൈതന്യമയം' ആയിത്തീരും. ഏതെങ്കിലും മന്ത്രം ഒരിയ്ക്കലെങ്കിലും ശരിയായ ഭാവത്തിൽ ജപിക്കുകയാണെങ്കിൽ അതു നമ്മുടെ മനസ്സിനെ ശുദ്ധമാക്കുന്നു. പെട്ടെന്നു മനസ്സു് സന്തുഷ്ടവും ആനന്ദപൂർണ്ണവും ആയിത്തീരുന്നു.

ക...:—ഒരു ദിവസം ഒരു ലക്ഷം പ്രാവശ്യം ജപിച്ചാൽ മതിയോ?

സ്വാമികൾ:—തീച്ചയായിട്ടും അതു വളരെ നന്നായിരിക്കും. ഒരു ലക്ഷം പ്രാവശ്യം അല്ലെങ്കിൽ പതിനായിരം പ്രാവശ്യമെങ്കിലും നിന്റെ ശക്തിയ്ക്കനുസരി

ച്ചു ജപിക്കുക. മന്ത്രം വലുതാണെങ്കിൽ അയ്യായിരം പ്രാവശ്യമോ വളരെയധികം നീണ്ടതാണെങ്കിൽ രണ്ടായിരം പ്രാവശ്യമോ ജപിച്ചാലും മതി.

ഹ...:—മഹാരാജ്! ഗായത്രിമന്ത്രം അയിരം പ്രാവശ്യം ജപിക്കാൻ അഞ്ചാറു മണിക്കൂർ വേണം.

സ്വാമികൾ:—മന്ത്രത്തിനു വളരെയധികം നീളമുണ്ടെങ്കിൽ എന്തുകൊണ്ട് അയിരംപ്രാവശ്യമെങ്കിലും ജപിച്ചുകൂടാ? ദിവസവും വെളുപ്പിന് ഉണർന്ന് അഭ്യാസം ചെയ്യണം. മന്ത്രം വളരെ ചെറുതാണെങ്കിൽ അതു രണ്ടായിരം പ്രാവശ്യം ജപിക്കുക. പിന്നെ ക്രമേണ സംഖ്യ കൂട്ടുക. ഇതു മതി. പക്ഷെ ആരും ഇതൊന്നുംശീലിക്കുകയില്ല. എല്ലാവരും സമയം വെറുതെ കളയുന്നു. വിജയം കരസ്ഥമാകുന്നതിനുമുമ്പു കഠിനാദ്ധ്വാനം വേണ്ടിയിരിക്കുന്നു. (ബ..നോട്ട്) കഠിനശ്രമം ചെയ്യുക. വിജയം തീച്ചയാണ്. എല്ലാവർക്കും ഉണ്ണാനും ഉറങ്ങാനും ധാരാളം സമയമുണ്ട്. സാധനയ്ക്കുമാത്രം സമയമില്ല.

1925 ഫെബ്രുവരിമാസം.

സ്വാമികൾ:—(ക...നോട്ട്) നീ ഈയിടെ എന്തു വായിക്കുന്നു?

ക..:—അദ്ധ്യാത്മരാമായണം.

സ്വാമികൾ:—കൊള്ളാം. ഗുരുദേവന് അതു വളരെ ഇഷ്ടമായിരുന്നു. അതിലെ അനേകം ഭാഗം അദ്ദേഹം കാണാപ്പാഠമാക്കിയിരുന്നു. അദ്ദേഹത്തിന്റെ ഓർമ്മശക്തി അത്ഭുതകരംതന്നെ. അദ്ദേഹം ഒരൊ

ന്നാംതരം ശ്രുതിധരനായിരുന്നു. ഒരിയ്ക്കൽ കേട്ടതു് അദ്ദേഹത്തിനു് എന്നും ഓർമ്മനില്ക്കുമായിരുന്നു. സ്വാമിജി (ശ്രീവിവേകാനന്ദ സ്വാമികൾ) അക്കാര്യത്തിൽ രണ്ടാംതരക്കാരൻ മാത്രമാണു്. അതായതു് സ്വാമിജിയുടെ രണ്ടുപ്രാവശ്യം വായിക്കയോ കേൾക്കയോ ചെയ്തുകിലേ ഓർക്കാൻ കഴിയുമായിരുന്നുള്ളൂ.

ബ...:—മഹാരാജ്, ഈ അത്ഭുതാവഹമായ ഓർമ്മശക്തി ഒരുവനു് എങ്ങനെ സമ്പാദിക്കാം? അവരുടെ മനസ്സു് സൂക്ഷ്മമായതുകൊണ്ടോ അഥവാ വേറെവല്ലകാരണത്താലോ?

സ്വാമികൾ:—തീച്ചയായിട്ടും ഇങ്ങനെയുള്ളവർക്കു് അവരുടെ മനസ്സിന്മേൽ വളരെ സംയമമുണ്ടു്. ഏതെങ്കിലും വിഷയത്തിൽ അവർ മനസ്സുവെച്ചാൽ ആവിഷയം പൂർണ്ണമായി മനസ്സിൽ പതിയുന്നു. അതിനു് വളരെ ഏകാഗ്രതാശക്തിവേണം. ഒരിയ്ക്കൽ പറയുകയോ കേൾക്കുകയോ ചെയ്തുകൂടും അവർ വളരെവർഷം കഴിഞ്ഞാലും മറക്കുകയില്ല.

(കുറെമിണ്ടാതിരുന്നശേഷം) "ആറു നിധികളിൽ (ശമാദികളിൽ) ഒന്നാണു് ശ്രദ്ധ. ആത്മികസാമ്രാജ്യത്തിൽ പ്രധാനമായി ഗണിക്കപ്പെട്ടുന്ന ഒന്നായ അചഞ്ചലശ്രദ്ധ ഗുരുവാക്യത്തിലും വേദാന്തവാക്യത്തിലും ഈശ്വരനിലുമുള്ള ദൃഢവിശ്വാസമാണു്. 'ഗുരു എന്നോടു് ഇന്നയിന്നവിധം ചെയ്യണമെന്നു പറഞ്ഞിട്ടുണ്ടു്. അദ്ദേഹത്തിന്റെ ഉപദേശപ്രകാരം നടക്കുകയാണെങ്കിൽ എനിയ്ക്കു തീച്ചയായും വിജയം ലഭിക്കും. അതില്ലാതെ വരികയി

ല്ല.' ഗുരുവാക്യത്തിൽ ഇങ്ങിനെയുള്ള ഉജ്ജ്വലമായ വിശ്വാസമാണ് വാസ്തവത്തിൽ ആവശ്യമായിട്ടുള്ളതു്.

"ശ്രുതിധരനും ഒരു സാധാരണ മനുഷ്യനും തമ്മിലെന്താണു് വ്യത്യാസം? ഒരു ശ്രുതിധരന്നു് അയാളുടെ മനസ്സിന്റെ ശക്തികളെയെല്ലാം ഒരു കേന്ദ്രത്തിലുറപ്പിക്കാൻ കഴിയും. ഒരു സാധാരണമനുഷ്യന്റെ മനഃശക്തികളും എല്ലാം ചിതറിക്കിടക്കുകയാണു്. അവയെ ഒരേ വിഷയത്തിൽ ഏകാഗ്രമാക്കാൻ അയാൾക്കു ശക്തിയില്ല. ലൌകികന്മാരുടെ മനസ്സു് പലതിൽ വിഭക്തമായിരിക്കുന്നു. വിവാഹം കഴിയുമ്പോൾ മനസ്സിന്റെ പകുതി ഭാര്യയിലേക്കുപോകുന്നു. പിന്നെ ബാക്കിയുള്ളതിന്റെ ഭൂരിഭാഗം കുട്ടികൾക്കും പണത്തിനും സ്വത്തുക്കൾക്കുമായി പോകുന്നു. പിന്നേയും ബാക്കി വല്ലതും ശേഷിക്കുന്നതു് ഭോഗസാധനങ്ങളിൽ ചിതറിക്കിടക്കുന്നു. ഒരേ വിഷയത്തിൽ അതിനെ ഏകാഗ്രമാക്കുകയെന്നതു് പിന്നെ മിക്കവാറും അസാധ്യമാണു്. മനസ്സിനെ ഒരു കുട്ടകുപൊതിയോടു് ഗുരുമഹാരാജു് ഉപമിച്ചിട്ടുണ്ടു്. 'പൊതിയൊരിക്കൽ അഴിച്ചുപോയാൽ അകത്തുള്ള കുട്ടകമണികൾ എല്ലായിടത്തും ചിതറും. പിന്നെ അതു പെറുക്കിശേഖരിക്കാൻ എത്രപ്രയാസമാണു്! ചിലതു് ഒരിയ്ക്കലും പിന്നെകിട്ടുകയേ ഇല്ല!'

(കുറച്ചുസമയം മിണ്ടാതിരുന്നിട്ടു്) "സത്യത്തെ ഒരിക്കലും ദൃഷ്ടിയിൽ നിന്നു വിട്ടുകളയരുതു്. ഈ ക്ഷണഭംഗുരമായ ലോകത്തു് പരമാർത്ഥമായുള്ളതു സത്യമാണു്. അതിനെ മുറുകെ പിടിച്ചുകൊള്ളണം. ഗുരുദേവൻ ഹരിമഹാരാജിനോടു് (തുരീയാനന്ദസ്വാമിക

ളോട്ട്) ഇങ്ങനെപറഞ്ഞു. 'നീ വേദാന്തം പഠിക്കയാണ്. എന്നാൽ അതിന്റെ സാരമെന്ത്? ബ്രഹ്മം മാത്രം സത്യം. ജഗത്തു മിഥ്യ. ഇതല്ലെ? വേറെവല്ലതുമുണ്ടോ? നിനക്കുവേണ്ടതു സാരമാണ്. ബാക്കിയുള്ളതെല്ലാം ദൂരെ കളയുക.' അദ്വൈമായി പലേ സമ്പ്രദായങ്ങളിലും മതങ്ങളിലുമുള്ള മഹർഷിമാരുടേയും ആചാര്യന്മാരുടേയും ഉപദേശങ്ങളെല്ലാം ഗുരുദേവൻ കേട്ടു. പിന്നീട് ഒരു ദിവസം അദ്ദേഹം കുറെയധികം മതഗ്രന്ഥങ്ങൾ ശേഖരിച്ചു അതുകൊണ്ട് ഒരു മാലയുണ്ടാക്കിധരിച്ചുകൊണ്ട് കുറച്ചു സമയം ധ്യാനം ചെയ്തശേഷം അവയെ വലിച്ചു കീറിദൂരെയെറിഞ്ഞു. ഒരാൾക്ക് ഏതാനും സാമാനമയച്ചുകൊടുക്കണമെന്നു പറഞ്ഞു നിങ്ങൾക്ക് ഒരു കത്തു കിട്ടുന്നുവെന്നു വിചാരിക്കുക. സമാനങ്ങളെല്ലാം ശേഖരിച്ചു് അയച്ചുകൊടുത്തുകഴിഞ്ഞാൽ പിന്നെനിങ്ങൾക്ക് ആ കത്തിന്റെ ആവശ്യമില്ല. സത്യമാണ് നമുക്ക് ആവശ്യം—ഈ പ്രപഞ്ചത്തിന്റെ സാരം.

1926 ജൂൺ.

ശിഷ്യൻ:— മഹാരാജ്! കാമം അവസാനിക്കയില്ലെ?

സ്വാമികൾ:—അവസാനിക്കും. ക്രമേണ അതു നശിക്കും. ഭഗവാന്റെ പുണ്യനാമം അനവരതം ജപിക്കുക. അതു് ഓടിപ്പോകും.

1926 ഒക്ടോബർ.

ശിഷ്യൻ: — മഹാരാജ്! ധ്യാനസമയത്തു് എനിക്ക് എന്റെ മനസ്സ് ഇഷ്ടദേവനിലോ ഗുരുവിന്റെ മൂർത്തിയിലോ ഉറപ്പിക്കാൻ കഴിയുന്നില്ല.

സ്വാമികൾ: – നിനക്ക് സാധിക്കുന്നില്ലെന്നു പറഞ്ഞതു കൊണ്ടു പ്രയോജനമില്ല. മുടങ്ങാതെ കൃത്യസമയത്തു് അഭ്യാസം ചെയ്യണം. നിരന്തരശ്രമം വേണ്ടിയിരിക്കുന്നു. വേറെ വഴിയൊന്നുമില്ല. എല്ലാദിവസവും കൃത്യസമയത്തു രാവിലേയും വൈകുന്നേരവും നീ ഉത്സാഹപൂർവ്വം അഭ്യാസം ചെയ്യണം. ഇഷ്ടദേവതയുടെ ഒരു ചിത്രം മുമ്പിൽവച്ചുകൊണ്ടു ധ്യാനിക്കാൻ ശ്രമിക്കുക.

ശിഷ്യൻ:—കൃത്യനിഷ്ഠ വളരെ നിഷ്കൃഷ്ടയോടെ പരിപാലിച്ചില്ലെങ്കിൽ ദോഷമെന്തു്? കൃത്യസമയത്തു ധ്യാനിയ്ക്കാൻ ഇരിക്കുന്നതിനു കഴിഞ്ഞില്ലെങ്കിലോ?

സ്വാമികൾ:—ഒന്നോരണ്ടോദിവസം കൃത്യനിഷ്ഠയില്ലാതെ വന്നുപോയാൽ ദോഷമില്ല. എന്നാൽ വേലയിലേർപ്പെട്ടുപോഴും എപ്പോഴും അദ്ദേഹത്തെ സ്മരിക്കയും വിചാരിക്കയുംചെയ്യണം. അതുചെയ്യുക. എന്നാൽ മതി.

ശിഷ്യൻ:—ജപവും ധ്യാനവും ഉപേക്ഷിച്ചു കേവലം കർമ്മം ചെയ്യുന്നതുകൊണ്ടു ലക്ഷ്യപ്രാപ്തിയുണ്ടാകുമോ?

സ്വാമികൾ:—ശരിയായ ഭാവത്തിൽ ഒരുവൻ കർമ്മംചെയ്യുകയാണെങ്കിൽ ലക്ഷ്യം പ്രാപിയ്ക്കാൻകഴിയും. പക്ഷെ സാധാരണ അതു സാധ്യമല്ല. സാധന വളരെ ആവശ്യമാണു്.

ശിഷ്യൻ:—ഞാൻ ദിവസവും നാമം എത്ര ഉരു ജപിക്കണം?

സ്വാമികൾ:—എത്ര കഴിയുമോ അത്രയും.

ശിഷ്യൻ:—ക്രൂടെക്രൂടെ മനസ്സിൽ ചീത്ത വിചാരം വരുന്നല്ലോ. എങ്ങനെ അതിൽനിന്നു രക്ഷപ്രാപിക്കാം?

സ്വാമികൾ:—മനഃപൂർവ്വം ദൃഢനിശ്ചയത്തോടുകൂടി അവയെ അടിച്ചോടിക്കണം. 'അഭ്യാസേന തു കൌന്തേയ വൈരാഗ്യേണചഗൃഹ്യതെ' എന്നു നീ ഗീതയിൽ വായിച്ചിട്ടില്ലേ? വേറെ വഴിയൊന്നുമില്ല. ഭഗവാങ്കൽ സമ്പൂർണ്ണം ആത്മസമർപ്പണംചെയ്യുക. അദ്ദേഹത്തെ നിന്റെ സ്വന്തമാക്കുക. ചീത്ത വിചാരങ്ങൾ ഓടിപ്പോകും. അദ്ദേഹത്തെ നിങ്ങളുടെ സ്വന്തമാക്കുകയെന്നുള്ളതു വളരെ വളരെ ആവശ്യമാണ്.

ശിഷ്യൻ:—ഇടയ്ക്കിടയ്ക്കു് ധ്യാനിക്കാൻ ഇരിയ്ക്കുമ്പോൾ പോലും, ചിലപ്പോൾ കാമം അതിശക്തിയായി ഉദിച്ചുവരുന്നു.

സ്വാമികൾ:—സാരമില്ല. അതൊക്കെ എല്ലാവർക്കും വരാറുണ്ടു്. നീ സമ്പൂർണ്ണം ഭഗവാങ്കൽ ആത്മസമർപ്പണംചെയ്തു് അതിനെ അടിച്ചോടിക്കുക. എന്നാൽ എളുപ്പത്തിൽ ദഹിക്കാത്ത ഗുരുത്വമുള്ള ഭക്ഷണപദാർത്ഥങ്ങളെ മനഃപൂർവ്വം ഉപേക്ഷിയ്ക്കുകയുംവേണം.

ശിഷ്യൻ:—ഞങ്ങൾ ജപിക്കുന്ന മന്ത്രത്തിന്റെ അർത്ഥമെന്തു്?

സ്വാമികൾ:—'സൃഷ്ടിസ്ഥിതിസംഹാരകർത്താവായ ജഗദീശ്വരൻ ഞങ്ങളുടെ ദുഃഖങ്ങൾ നീക്കട്ടെ.' ഇതാണു് എല്ലാ മന്ത്രങ്ങളുടേയും സാരം. അദ്ദേഹത്തിൽ ദൃഢഭക്തിയും ദൃഢവിശ്വാസവും വയ്ക്കുക. അതില്ലെ

ങ്കിൽ അനേകായിരം കാര്യങ്ങളറിഞ്ഞാലും പ്രയോ
ജനമില്ല. അദ്ദേഹത്തോട് പ്രാർത്ഥിക്കയും അദ്ദേഹ
ത്തെ സ്നേഹിക്കയുംചെയ്യുക.

ശിഷ്യൻ:—പ്രാണായാമം, ആസനം മുതലായവ മനസ്സി
ലെ വാസനകളെ നീക്കാൻ സഹായിക്കുമോ?

സ്വാമികൾ:—അവയെക്കൊണ്ടു പ്രത്യേകിച്ചൊന്നും സാ
ധിക്കുന്നില്ല. സ്വല്പം ഗുണം കിട്ടിയേക്കാം. ഈശ്വ
രനെ എത്ര കൂടുതൽ സ്നേഹിക്കുന്നുവോ അത്രയും മ
നസ്സും തനിയ്ക്ക് അധീനമായിത്തീരും.

ശിഷ്യൻ:—മഹാരാജ്, എനിയ്ക്കു ഗുരുവിനെധ്യാനിയ്ക്കാനാ
ണിഷ്ടം. സാധാരണയായിട്ട് ഇഷ്ടദേവതയെപ്പറ്റി
യുള്ള ചിന്ത എന്റെ മനസ്സിൽ ഉദിക്കുന്നില്ല. അതു
കൊണ്ടു ഞാൻ ഗുരുവിനെ ധ്യാനിയ്ക്കുന്നു. അതു
ചോരയോ?

സ്വാമികൾ:—ചോരാ. നീ കാര്യങ്ങൾ അത്രയെളുപ്പമാ
ക്കുന്നതെന്തിന്? ഗുരുവിനെ ധ്യാനിച്ചശേഷം ഇഷ്ട
ദേവനേയും ധ്യാനിക്കണം. എന്നാൽ ഗുരുദേവനോ
ട് പ്രത്യേകമായി ഇഷ്ടംതോന്നുന്നെങ്കിൽ കൂടുതൽ
സമയം അദ്ദേഹത്തെ ധ്യാനിയ്ക്കാൻ ചിലവാക്കുന്നതു
കൊണ്ടു വിരോധമില്ല. ഇഷ്ടദേവനെ ധ്യാനിയ്ക്കാൻ
വയ്യായെങ്കിൽ അദ്ദേഹമുണ്ടെന്ന മാത്രമെങ്കിലും
വിചാരിക്കുക. അതും നിനക്കു ശാന്തിതരും.

ശിഷ്യൻ:—രണ്ടുപേരും സാരത്തിൽ ഒന്നാണെന്ന ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ പിന്നെ ആരെയെങ്കിലും ഒരാളെ ധ്യാനിച്ചാൽ പോരാത്തതെന്ത്?

സ്വാമികൾ:—പോരാ. ആ അവസ്ഥയെത്തുമ്പോൾ, രണ്ടും ഒന്നാണെന്നുള്ള അനുഭവമെത്തുമ്പോൾ——അപ്പോൾമാത്രമെ നിനക്ക് ആ വിധം വിചാരിയ്ക്കാൻ പാടുള്ളൂ. കായ്ക്കുമ്പോൾ എളുപ്പത്തിൽ കഴിച്ചുകൂട്ടണമെന്ന നീ വിചാരിക്കുന്നതെന്ത്?

ശിഷ്യൻ:—ജപിക്കേണ്ടതു ധ്യാനത്തോടുകൂടെത്തന്നെയോ അഥവാ ധ്യാനത്തിനു ശേഷമോ?

സ്വാമികൾ:—ധ്യാനത്തോടുകൂടിത്തന്നെ ശീലിക്കണം. സാധനയിൽ ഉന്നതി പ്രാപിക്കുമ്പോൾ ധ്യാനത്തിന്റെ നിബിഡത നിമിത്തം അറിയാതെ തന്നെ ജപം തനിയെ നിന്നു പോകുന്നതെങ്ങനെയെന്നു നിനക്കറിയാറാകും.



അദ്വൈതാശ്രമപ്രസിദ്ധീകരണങ്ങൾ.

		ക്ര.	ണ.	സ.
1.	പുനർജ്ജന്മമോ മുക്തിയിൽപ്പോ?	0	1	0
2.	ഞാൻ ഹിന്ദുവായതെന്തിന്?	0	1	0
3.	ദൃഗ്ദൃശ്യവിവേകം	0	2	0
4.	ഹിന്ദുമതം ശക്തിപരീക്ഷയിൽ	0	4	0
5.	വേദാന്തമതം	0	5	0
6	ശ്രീശങ്കരൻ	0	4	0
7.	അപരോക്ഷാനുഭൂതി	0	4	0
8.	വിവേകാനന്ദസ്വാമികളുടെ പ്രസംഗങ്ങൾ	0	4	0
9.	ടി (രണ്ടാംഭാഗം)	0	4	0
10.	ശ്രീ ശ്രീരാമകൃഷ്ണദേവൻ	0	4	0
11.	ശ്രീവിവേകാനന്ദസ്വാമികൾ	0	4	0
12.	വിവേകചൂഡാമണി (ശ്രീശങ്കരവിരചിതം, സവ്യാഖ്യാനം)	1	0	0
13.	ശ്രീകൃഷ്ണൻ	0	1	0
14.	ഗുരു	0	1	0
15.	ആദ്ധ്യാത്മികസൂക്തികൾ (ഒന്നാംഭാഗം)	0	4	0
16.	ടി (രണ്ടാംഭാഗം)	0	4	0

(ഈരണ്ടുഭാഗങ്ങളും പ്രസ്സിൽ)

വി. പി. ഏർപ്പാടില്ല.

ആവശ്യക്കാർക്കെല്ലാം മേൽവിലാസം,

മാനേജർ, അദ്വൈതാശ്രമം,

കാലടി, (A. O.) (P. O.)

തിരുവിതാംകൂർ,

സനാതനധർമ്മം അച്ചുക്കൂടം, പെരുമാനൂർ, എറണാകുളം.